# യുവാക്കളെ ആക്രമിച്ച് കവർച്ച നടത്തിയ കേസിൽ രണ്ടുപേർ കൂടി പിടിയിൽ

തിരുവനന്തപുരം:- കഴക്കൂട്ടം മേനംകുളത്ത് യുവാക്കളെ ആക്രമിച്ച് സ്വർണ്ണമാലയും മൊബൈൽ ഫോണും കവർച്ച ചെയ്ത കേസിൽ രണ്ടുപേരെ കൂടി പോലീസ് പിടികൂടി. കഠിനംകുളം പുത്തൻതോപ്പ് കനാൽ പുറമ്പോക്ക് വീട്ടിൽ തമ്പി എന്ന് വിളിക്കുന്ന അൻഷാദ് (24), മേനംകുളം പുതുവൽപുത്തൻവീട്ടിൽ അഭിലാഷ് (23) എന്നിവരെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസിലെ മറ്റ് രണ്ട് പ്രതികളായ രഞ്ജിത്ത്, വിഷ്ണു എന്നിവരെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത അൻഷാദ് (24), അഭിലാഷ് (23)

ജൂലൈ 20-ന് ഉച്ചയ്ക്ക് 12 മണിയ്ക്കാണ് സംഭവം നടന്നത്. കുടവൂർ സ്വദേശികളായ ശാന്തനുവും സുജിത്തും ബൈക്കിൽ സഞ്ചരിച്ചു വരവെ നാലംഗസംഘം മേനംകുളം കോൺഫിഡന്റ് ഫ്ലാറ്റിന് സമീപത്ത് വച്ച് തടഞ്ഞു നിർത്തി വടി കൊണ്ട് അടിയ്ക്കുകയും ശാന്തനുവിന്റെ ഒരു പവന്റെ സ്വർണ്ണമാലയും വിലപിടിപ്പുള്ള മൊബൈൽ ഫോണും കവർച്ച ചെയ്ത് എടുക്കുകയുമായിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികളെ അന്വേഷിച്ചു വരവെ കഴക്കൂട്ടം അസ്സി.കമ്മീഷണർ ഹരി.സി.എസ്-ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ വിഷ്ണു, സി.പി.ഒ-മാരായ സജാദ്ഖാൻ, ബിനു, സുജിത്ത്, അൻസിൽ, ശ്യാം എന്നിവരടങ്ങിയ പോലീസ് സംഘം, രണ്ടാം പ്രതിയായ അൻഷാദിനെ കാഞ്ഞിരപ്പള്ളിയിൽ നിന്നും നാലാം പ്രതി അഭിലാഷിനെ കഴക്കൂട്ടം കല്പന കോളനിയിൽ നിന്നുമാണ് ഇന്നലെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.